ആദിവാസികൾക്കായുള്ള ക്ഷേമപരിപാടികൾ

*471 [501] ശ്രീ. ജി. വരദൻ:
,, ടി. കെ. ആറുമുഖൻ:
,, ടി. കെ. ഹംസ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആദിവാസികളുടെ എണ്ണം എത്ര;

(ബി) ഇവരുടെ ക്ഷേമത്തിനുവേണ്ടി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പരിപാടികൾ എന്തൊക്കെയാണ്;

(സി) തൊഴിൽരഹിതരും വിദ്യാഭ്യാസമുള്ളവരുമായ ഗിരിവർഗ്ഗക്കാർക്ക് തൊഴിൽ നൽകാൻ നടപടി സ്വീകരിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) 1981-ലെ സെൻസസ് പ്രകാരം 2,61,475 പേർ.

(ബി) അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനും സാമ്പത്തികവികസനം സാദ്ധ്യമാക്കുന്നതിനും തൊഴിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തുന്നതിനും ആദിവാസികേന്ദ്രങ്ങൾ വൈദ്യുതികരിച്ചും അവിടങ്ങളിൽ ശുദ്ധജലം എത്തിച്ചും അവരുടെ ജീവിതസൗകര്യങ്ങൾ പൊതുവിൽ മെച്ചപ്പെടുത്തുന്നതിനും ഉള്ള പരിപാടികളാണ് ആവിഷ്കരിച്ചിട്ടുള്ളത്. കുട്ടികളെ ഹോസ്റ്റലുകളിൽ താമസിപ്പിച്ച് സൗജന്യമായ ഭക്ഷണവും പുസ്തകങ്ങളും വസ്ത്രങ്ങളും ട്യൂഷൻ സൗകര്യവും നൽകിവരുന്നു.

(സി) സർക്കാർ സർവ്വീസിലും പൊതുമേഖലാസ്ഥാപനങ്ങളിലും നിശ്ചിതശതമാനം തസ്തികകളിൽ നിയമനം ഉറപ്പുവരുത്തുന്നതിനു പുറമേ സ്വയം തൊഴിലിൽ ഏർപ്പെടുന്നതിനുള്ള ധനസഹായപദ്ധതികളും വിദേശങ്ങളിൽ ജോലി സമ്പാദിക്കുവാൻ സഹായിക്കുന്ന വായ്പാപദ്ധതികളും ഡ്രൈവിംഗ്, കെട്ടിടനിർമ്മാണം എന്നിവയിൽ പരിശീലനം നൽകുന്ന പദ്ധതികളും എക്സ്റ്റൻഷൻ വർക്കിൽ പരിശീലനം നൽകി എക്സ്റ്റൻഷൻ വർക്കർമാരായി നിയമിക്കുന്ന പദ്ധതികളും ഇപ്പോഴത്തന്നെ നടപ്പിലാക്കിവരുന്നുണ്ട്.

പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം ലഭിച്ച കേന്ദ്രസഹായം

*472 [502] ശ്രീ. ജി. കാർത്തികേയൻ:
,, എ. സി. ജോസ്:
,, തോപ്പിൽ രവി:
,, കെ. മുഹമ്മദാലി:
,, ബെന്നി ബഹനാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ നാലു വർഷക്കാലയളവിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതി പ്രകാരം ലഭിച്ച കേന്ദ്ര സഹായം എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത തുകകൊണ്ട് എത്ര പട്ടികജാതിക്കാരെ ദാരിദ്ര്യ രേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ സാധിച്ചു : എന്ന് വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) കഴിഞ്ഞ നാലു വർഷങ്ങളിൽ പട്ടികജാതിക്കാർക്കായുള്ള പ്രത്യേക ഘടക പദ്ധതിയോടനുബന്ധിച്ച് ലഭിച്ച കേന്ദ്രസഹായം താഴെ കൊടുക്കുന്നു.

വർഷം	കേന്ദ്രസഹായം (രൂപ ലക്ഷത്തിൽ)
1982—83	277.97
1983—84	273.97
1984—85	319.20
1985—86	347.97

നടപ്പു സാമ്പത്തികവർഷത്തിൽ കേന്ദ്ര ഗവൺമെൻറ് സൂചിപ്പിച്ചിട്ടുള്ള പ്രത്യേക കേന്ദ്രസഹായം 400.04 ലക്ഷം രൂപയാണ്.

(ബി) ഈ തുകയുപയോഗിച്ച് ദാരിദ്ര്യരേഖയ്ക്ക് മുകളിൽ കൊണ്ടുവരാൻ സഹായിക്കപ്പെട്ട പട്ടികജാതിക്കാരുടെ എണ്ണം ചുവടെ കൊടുക്കുന്നു.

വർഷം	സഹായംലഭിച്ച പട്ടികജാതിക്കാരുടെ എണ്ണം
1982—83	10568
1983—84	14032
1984—85	12587
1985—86	17014

നടപ്പുസാമ്പത്തികവർഷത്തിൽ 30-9-1986 വരെ 4401 പട്ടികജാതിക്കാർക്ക് ഇത്തരത്തിൽ സഹായം ലഭിച്ചിട്ടുണ്ട്.

(ബഹളം)

ശ്രീ. ജി. കാർത്തികേയൻ: പട്ടികജാതിക്കാരുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ കേന്ദ്രഗവൺമെൻറിൽനിന്നു, അധികസഹായം വല്ലതും ഏർപ്പെടുത്താൻ സഹായിക്കുന്നുണ്ടോ?

ശ്രീ. കെ. കരുണാകരൻ: അവരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താനുള്ളതായ വളരെ വിപുലമായ പരിപാടികളാ ആവിഷ്കരിച്ചിട്ടുണ്ട്.

ശ്രീ. എ.സി. ജോസ്: പട്ടികജാതി–പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുള്ള തുക ബഹുഭൂരിപക്ഷവും അവർ ഇല്ലെന്നുള്ളതിന്റെ പേരിൽ ആ പരിപാടികൾ ഇന്ന് നിറുത്തൽ ചെയ്തിട്ടുണ്ടോ? അങ്ങനെ നിറുത്തൽചെയ്തിട്ടുണ്ടെങ്കിൽ രണ്ടാമത് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: സ്പെഷ്യൽ കമ്പോണൻറ് സ്കീമനുസരിച്ച് നീക്കിവച്ചിട്ടുള്ള സംഖ്യയിൽ 50 ശതമാനത്തിൽ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

ഹരിജനങ്ങളുണ്ടെങ്കിൽ മാത്രമേ അവിടെ ബ്ലാധകമാക്കാവൂ എന്ന ഒരു വ്യവസ്ഥ ഉണ്ട്. അതുകൊണ്ട് ഭൂരിപക്ഷം ഹരിജനങ്ങളുള്ള കേന്ദ്രങ്ങളിലേക്കാണ് ആ പദ്ധതിയനുസരിച്ച് ചെലവു ചെയ്യുന്നത്.

ശ്രീ. എ.സി. ജോസ്: ഭൂരിപക്ഷം പട്ടികജാതിക്കാരുള്ള സ്ഥലങ്ങളിൽമാത്രമേ പരിപാടികൾ നടപ്പിലാക്കാവൂ എന്നു പറഞ്ഞാൽ 51 ശതമാനം ഇല്ലാത്ത സ്ഥലങ്ങളിൽ നടപ്പിലാകുന്നില്ല. നടപ്പിലാക്കാൻ ഉദ്യോഗസ്ഥൻമാർ മടിക്കുന്നുവെന്നകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെങ്കിൽ അതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: അങ്ങനെയൊരു പരാതി വന്നിട്ടുണ്ട്. മൊത്തം ഏരിയ എടുത്തിട്ട് കണക്കാക്കുന്നതിനുപകരം അവരുടെ താമസസങ്കേതങ്ങൾ എടുക്കുകയാണെങ്കിൽ ഇതിന് പരിഹാരമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതാണ്.

(ബഹളം)

ശ്രീ: തോപ്പിൽ രവി: പ്രത്യേക ഘടക പദ്ധതിപ്രകാരം ഏറ്റെടുത്ത പല ശുദ്ധജലവിതരണ പദ്ധതികളുടെയും പ്രവർത്തനം സാമ്പത്തിക ബുദ്ധിമുട്ടുമൂലം സ്തംഭിച്ചുകിടക്കുന്ന സാഹചര്യം പരിഗണിച്ച് ഈ പരിപാടികൾ കേന്ദ്രഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തി ഫലപ്രദമായി ഏറ്റെടുത്തുനടത്താൻ ഗവൺമെൻറ് നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. കരുണാകരൻ: ജലസേചനപദ്ധതിക്ക് നീക്കിവച്ചിട്ടുള്ള സംഖ്യ മുഴുവൻ ചെലവഴിച്ചിട്ടില്ല. ഇറിഗേഷനിലാണ് നമുക്ക് ചെലവഴിക്കാൻ കുറച്ച് ബുദ്ധിമുട്ടുണ്ടായിട്ടുള്ളത്. അതിനു എന്തെങ്കിലും പ്രായോഗികമായ ബുദ്ധിമുട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് പരിഹാരമുണ്ടാക്കുന്നതാണ്.

ശ്രീ. കെ. മുഹമ്മദാലി: പ്രത്യേകഘടകപദ്ധതിയനുസരിച്ച് നീക്കിവച്ചിരിക്കുന്ന തുക ചില ജില്ലകളിൽ ലാപ്സായിപ്പോകുന്ന കാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള ജില്ലകൾക്ക് നീക്കിവച്ചിരിക്കുന്ന സംഖ്യ മാറ്റി ജില്ലകളിലേക്ക് കൊടുക്കാൻ ഗവൺമെൻറ് തയ്യാറാകുമോ?

ശ്രീ. കെ. കരുണാകരൻ: മൊത്തം സംഖ്യ ജില്ലകൾക്ക് അലോട്ട് ചെയ്യുകയാണ്. ആ പ്രദേശത്തെയ്ക്ക് ആവശ്യമായ പദ്ധതികൾക്ക് രൂപം കൊടുക്കുന്നത് കളക്ടർ ചെയർമാനായിട്ടുള്ള ഒരു വർക്കിംഗ് ഗ്രൂപ്പാണ്. ആ വർക്കിംഗ് ഗ്രൂപ്പ് പദ്ധതികൾ സമർപ്പിച്ചു കഴിഞ്ഞാൽ അത് നടപ്പിലാക്കും. നേരെമറിച്ച് ചെലവാകാതെ വരുന്ന ഒരു റിപ്പോർട്ട് കിട്ടിയിട്ടില്ല. ഉണ്ടെങ്കിൽ അത് ശ്രദ്ധയിൽപ്പെടുത്തിയാൽ അത് എങ്ങനെ ഉപയോഗിക്കാമെന്നുള്ളത് പരിശോധിക്കുന്നതാണ്.

ശ്രീ: ബെന്നിബഹനാൻ: സ്പെഷ്യൽ കമ്പോണൻറ് സ്കീമനുസരിച്ച് കൂടുതൽ ആശുപത്രികെട്ടിടങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. കരുണാകരൻ: ഓരോ വകുപ്പിനും നീക്കിവയ്ക്കുന്ന സംഖ്യ അത്രയും ശതമാനം അതാത് ഏർപ്പാടിനുവേണ്ടി ചെയ്യുകയാണ്. അതിൽ ആരോഗ്യവകുപ്പിന് നീക്കിവയ്ക്കുന്ന സംഖ്യ മാത്രമേ അതിന്റെ പത്തുശതമാനം ഇതിലേക്ക് ഉപയോഗിക്കാൻ സാദ്ധ്യമാകുകയുള്ളു.

ശ്രീ. ബെന്നിബഹനാൻ: സ്പെഷ്യൽ കമ്പോണന്റ് സ്കീമനുസരിച്ച് ഇന്ന നമ്മുടെ സംസ്ഥാനത്ത് എത്ര ആശുപത്രിക്കെട്ടിടങ്ങൾ പണിതിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ശ്രീ. കെ. കരുണാകരൻ: അതിന് ഒരു പ്രത്യേകമായ ചോദ്യം വേണം.

(ചോദ്യം 503 പോദിച്ചില്ല)

"ക്രിസ്തുവിന്റെ ആറാംതിരുമുറിവ്" എന്ന നാടകം

*473 [504] ശ്രീ. സിറിയക് ജോൺ:
" കെ.കെ. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ സൂര്യകാന്തി തിയേറ്റേഴ്സിന്റെ "ക്രിസ്തുവിന്റെ ആറാംതിരുമുറിവ്" എന്ന നാടകം ഏതെങ്കിലും ജില്ലയിൽ നിരോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം ജില്ലകളിൽ;

(ബി) ഈ നാടകം നിരോധിക്കാനുള്ള കാരണമെന്തെല്ലാം;

(സി) നിരോധന ഉത്തരവ് ലംഘിച്ച് എവിടെയെങ്കിലും നാടകം അവതരിപ്പിച്ചിട്ടുണ്ടോ;

(ഡി) നിരോധന ഉത്തരവ് ലംഘിച്ചതിന്റെ പേരിലോ മറ്റോ നാടകകൃത്തിനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; എങ്കിൽ കേസെടുത്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ):

(എ) തിരുവനന്തപുരം, തൃശ്ശൂർ, എറണാകുളം, കോട്ടയം, കോഴിക്കോട് എന്നീ ജില്ലകളിൽ നിരോധിച്ചിട്ടുണ്ട്.

(ബി) ക്രമസമാധാനലംഘനമുണ്ടാകുമെന്ന് ജില്ലാ അധികാരികൾക്ക് ബോദ്ധ്യമായതിനാലാണ് കേരള ഡ്രമാറ്റിക് പെർഫോമൻസ് ആക്ട് സെക്ഷൻ '4' അനുസരിച്ച് ഈ നാടകത്തിന്റെ അവതരണം ജില്ലാ കളക്ടർമാർ നിരോധിച്ചത്.

(സി) ഇല്ല.

(ഡി) നിരോധന ഉത്തരവ് ലംഘിച്ചതിന്റെ പേരിൽ നാടകകൃത്തിനെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നാൽ നാടകത്തിന്റെ കയ്യെഴുത്തുപ്രതി, 1986 ആഗസ്റ്റ് 6-ാം തീയതി ആലപ്പുഴ ടൗൺ സർക്കിൾ ഇൻസ്പെക്ടർ പിടിച്ചെടുക്കുകയും ഐ.പി.സി. 295 (എ) വകുപ്പുപ്രകാരം ക്രൈം നമ്പർ 291/86 ആയി ഒരു കേസ് എടുക്കു

LIBRARY ARCHIVES Kerala Legislative Assembly